**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 842** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ഗ്രാന്റ് വിതരണം ചെയ്യുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക് സ്കോളർഷിപ്പ് സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>കേന്ദ്രസർക്കാർ നിർദ്ദേശനാനുസരണം പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2022-23 അധ്യയന വർഷം മുതൽ PFMS (പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം) പോർട്ടൽ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ഇതിനായി നിലവിലെ ഇ-ഗ്രാന്റ്സ് പോർട്ടൽ PFMS പോർട്ടലുമായുള്ള ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം കേന്ദ്രസർക്കാരിലെ PFMS അധികൃതരിൽ നിന്നും യഥാസമയം ലഭിക്കാത്തതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ കാലതാമസം വന്നിരുന്നുവെങ്കിലും ആയത് പരിഹരിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | വിദ്യാർത്ഥികൾക്ക് അതാത് അധ്യയനവർഷങ്ങളിൽ തന്നെ ധനസഹായം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക് സ്കോളർഷിപ്പ് സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>കേന്ദ്രസർക്കാർ നിർദ്ദേശനാനുസരണം പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2022-23 അധ്യയന വർഷം മുതൽ PFMS (പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം) പോർട്ടൽ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ഇതിനായി നിലവിലെ ഇ-ഗ്രാന്റ്സ് പോർട്ടൽ PFMS പോർട്ടലുമായുള്ള ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സാങ്കേതിക |

| | | | |
|---|---|---|---|
| | | | സഹായം കേന്ദ്രസർക്കാരിലെ PFMS അധികൃതരിൽ നിന്നും യഥാസമയം ലഭിക്കാത്തതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ കാലതാമസം വന്നിരുന്നുവെങ്കിലും ആയത് പരിഹരിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | ചികിത്സാ ധനസഹായമുൾപ്പെടെയുള്ള ധനസഹായങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും പ്രസ്തുത ധനസഹായങ്ങൾ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുന്നു വെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) | അർഹരായ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാലതാമസം കൂടാതെ ചികിത്സാധനസഹായം വിതരണം ചെയ്തു വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാധനസഹായം യഥാസമയം വിതരണം ചെയ്യുന്നതിനായി T-Grantz ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ